**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **08-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയെ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 26.05.2021 ൽ ചേർന്ന യോഗം അവയുടെ പ്രവർത്തനമേഖലയേയും മുൻകാല പ്രവർത്തനങ്ങളേയും നിലവിലെ സ്ഥിതിയേയും ഭാവി പദ്ധതികളേയും സംബന്ധിച്ച് അവലോകനം ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളേയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം, ധനപരമായ പുന:സംഘാടനം എന്നിവയിലൂടെ വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിദ്ധ്യവത്ക്കരണ പദ്ധതികളും തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിതലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ഓട്ടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യയുടെ കാലാനുസൃതമായ നവീകരണം, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം എന്നിവ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 26.05.2021 ൽ ചേർന്ന യോഗം അവയുടെ പ്രവർത്തനമേഖലയേയും മുൻകാല പ്രവർത്തനങ്ങളേയും നിലവിലെ |

| | | | |
|---|---|---|---|
| | നടപ്പിലാക്കാത്തതിനാലാണ് നഷ്ടത്തിലേക്ക് പോകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | സ്ഥിതിയേയും ഭാവി പദ്ധതികളേയും സംബന്ധിച്ച് അവലോകനം ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളേയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം, ധനപരമായ പുന:സംഘാടനം എന്നിവയിലൂടെ വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിദ്ധ്യവത്ക്കരണ പദ്ധതികളും തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിതലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ഓടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനും എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ? | (സി) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും വിവരസാങ്കേതികവിദ്യ അധിഷ്ഠിതമായ ഭരണനിർവ്വഹണ സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) ഏർപ്പെടുത്തുവാനും പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ